LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : ഗൾഫിൽ പോകുന്നവർക്ക് വിസ ലഭിക്കുന്നതിന് വളരെ കാലതാമസം വരികയാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് എം.പി.മാരുടെ സഹകരണത്തോടുകൂടി കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിക്കാനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു Higher Level Delegation ഡൽഹിയിൽ പോയി പ്രധാനമന്ത്രിയേയും ബന്ധപ്പെട്ട വകുപ്പു മന്ത്രിയേയും കാണുന്നതിനുള്ള നടപടി നോർക്കവകുപ്പ് സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : അത് സ്വീകരിച്ചു, അതാണ് ഞാൻ പറഞ്ഞത്, ഇവിടെ കൊച്ചിയിൽ ആരംഭിച്ചിട്ടുള്ളത് വിസ ക്ലീയറൻസായി പ്രവർത്തിക്കുന്ന United Kingdom-ത്തിന്റെ ഒരു ഓഫീസ് മാത്രമാണ്. ഇക്കാര്യത്തിൽ നമ്മുടെ ശ്രമം തുടരും. കേരളത്തിൽ ഗൾഫ് രാജ്യങ്ങളിലെ വിസ ക്ലീയറൻസ് പോലുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഓഫീസ് കോൺസുലേറ്റുകൾ ആരംഭിക്കണമെന്നുള്ള സമ്മർദ്ദം എല്ലാ തലത്തിലും കേന്ദ്ര ഗവൺമെന്റിൽ നടത്തുന്നതാണ്.

III സബ്മിഷൻ

(1) കാലാവധി കഴിഞ്ഞ കീടനാശിനികൾ വിതരണം ചെയ്തതു സംബന്ധിച്ച്

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. പകർച്ചപ്പനി പ്രതിരോധിക്കാനായി തൃശ്ശൂർ ജില്ലയിൽ വിതരണം ചെയ്ത കീടനാശിനികൾ കാലാവധി കഴിഞ്ഞതും ഗുണനിലവാരമില്ലാത്തതുമാണെന്ന് ഡ്രഗ്സ് കൺട്രോളർ ഇന്നലെ നടത്തിയ റെയ്ഡിൽ കണ്ടെത്തിയിരിക്കുകയാണ്. ഗവൺമെന്റ് ആശുപത്രികൾവഴി വിതരണം ചെയ്ത കീടനാശിനികൾ സൂക്ഷിച്ച് വയ്ക്കാനോ ഉപയോഗിക്കാനോ പാടില്ലെന്ന് പറഞ്ഞിട്ടും ആ കീടനാശിനികൾ തന്നെയാണ് വീണ്ടും വിതരണം ചെയ്തിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഇപ്പോൾ കൊതുകിനെ കൊല്ലാൻവേണ്ടി മരുന്നു കൊടുക്കുന്നുണ്ട്, കൊതുക് ചാകുന്നില്ല. ആളെ രക്ഷിക്കാൻ വേണ്ടി മരുന്നു കൊടുക്കുന്നുണ്ട്, ആൾ ചാകുന്നു, ഇങ്ങനെയുള്ള ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. കൊതുകിനെ കൊല്ലാൻ വേണ്ടി കൊടുക്കുന്ന മരുന്നുകളെല്ലാം ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമാണെന്നാണ് പറയുന്നത്. കേരളം പകർച്ചവ്യാധി തടയാനും രോഗപ്രതിരോധത്തിനുമെല്ലാംതന്നെ വലിയ പ്രാധാന്യം കൊടുക്കുന്ന സംസ്ഥാനമാണ്. പക്ഷേ ഇന്നത്തെ സ്ഥിതി വളരെ ഗുരുതരമായ അവസ്ഥയാണ്. ആരോഗ്യ വകുപ്പ് അറിഞ്ഞോ അറിയാതെയോ വളരെ ഗുരുതരമായ അവസ്ഥയിലേക്കാണ് നമ്മുടെ രാജ്യത്തെ കൊണ്ടുചെന്ന് എത്തിക്കുന്നത്. കാലാവധി കഴിഞ്ഞ കീടനാശിനികൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഇതുവരെയായതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് കാലാവധി കഴിഞ്ഞതും ഗുണനിലവാരമില്ലാത്തതുമായ കീടനാശിനികൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി കുറ്റക്കാർക്കെതിരായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, കോഴിക്കോട് ഫൈലേറിയ കൺട്രോൾ യൂണിറ്റിൽ നിന്നും 200 ലിറ്റർ Bitex ഉം 10 ലിറ്റർ abate-ഉം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കഴിഞ്ഞ നവംബർ മാസത്തിലാണ് നൽകിയത്. ഇതിന്റെ date of expiry കഴിഞ്ഞു. മുകളിൽ പറഞ്ഞ കീടനാശിനികൾ മലിനജലത്തിലും കുടി വെള്ള സ്രോതാസ്സുകളിലും കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കാനാണ് സാധാരണ ഉപയോഗിക്കാറ്. Date of expiry കഴിഞ്ഞാലും കീടനാശിനികളുടെ വീര്യത്തിനു കാര്യമായ മാറ്റം സംഭവിക്കാത്തതുകൊണ്ട് date of expiry കഴിഞ്ഞ മരുന്നുകൾ കുടിവെള്ള സ്രോതസ്സുകളിൽ ഉപയോഗിക്കേണ്ട എന്ന് നിർദ്ദേശം നൽകിയിരുന്നു. പക്ഷേ അതു മലിന ജലത്തിൽ ഉപയോഗിക്കാം. ആറു മാസം കഴിഞ്ഞാലും ഇതിന്റെ വീര്യം കുറയാത്തതുകൊണ്ട് വെറുതെ ഈ കീടനാശിനി നശിപ്പിക്കുന്നതിനുപകരം കൊതുകുകളും കൂത്താടികളും വളരുന്ന സ്ഥലങ്ങളിൽ ഇത് ഉപയോഗിക്കാം. കീടനാശിനികൾ ആവശ്യത്തിനു നൽകാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടും, അതു വാങ്ങാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടും കീടനാശിനികൾ ലഭ്യമല്ലാത്തതുകൊണ്ട് പല സ്ഥലങ്ങളിലും അവ ലഭ്യമായിട്ടില്ല. അങ്ങനെയാണ് ആ മരുന്നുകൾ എടുത്തു ഉപയോഗിക്കാനിടയായത്. ഇനിയും 6 മാസം കഴിഞ്ഞാലും ഉപയോഗിക്കാമെന്നാണ് പറയുന്നത്. അതിന്റെ വീര്യം എന്തായാലും നശിക്കില്ല. അതു കുടിവെള്ളത്തിൽ ഉപയോഗിക്കുന്ന മരുന്നാണ്.

മി. സ്പീക്കർ : പിന്നെ എന്തിനാണ് date of expiry. ഉപയോഗമില്ലെങ്കിൽ നശിപ്പിച്ചു കൂടെ ?

ശ്രീ. പി. ശങ്കരൻ : Date of expiry കഴിഞ്ഞാൽ നശിപ്പിക്കാം. വാർത്തകൾ ഉണ്ടാക്കാൻ പ്രത്യേക കാരണമൊന്നും വേണ്ടല്ലോ. കുടിവെള്ളത്തിൽ ഉപയോഗിച്ചിട്ടില്ല. മലിന ജലത്തിൽ കൂത്താടികളെ നശിപ്പിക്കാനാണ് ഉപയോഗിച്ചത്. മാത്രവുമല്ല, ഇതിനെക്കുറിച്ചു വിവരം കിട്ടിയ ഉടൻ തന്നെ with no time നിർദ്ദേശം കൊടുത്തു, ഡ്രഗ്സ് കൺട്രോളർ ചെന്നു അന്വേഷിച്ചു വേണ്ടത്ര വിവരങ്ങൾ ഞങ്ങൾക്കു നൽകുകയും ചെയ്തു. അവിടെയുള്ള ഓഫീസർമാരെ കുറിച്ച് പരസ്യമായി ഒരു പ്രഖ്യാപനം നടത്തേണ്ട ആവശ്യമില്ല. പക്ഷേ ബഹുമാനപ്പെട്ട എം. എൽ. എ. ക്കു തന്നെ അവിടെയുള്ള ഡി. എം. ഒ. മി. മോഹനനെ അറിയാം. ആരോഗ്യവകുപ്പിലെ ഏറ്റവും നല്ല ഡി. എം. ഒ. മാരിൽ ഒരാളാണ് അദ്ദേഹം. അങ്ങനെയുള്ള ഒരാൾ എന്തെങ്കിലും ഒരു അപാകത ഇതിൽ വരുമെന്നുള്ള വിശ്വാസമുണ്ടെങ്കിൽ ഇങ്ങനെ ചെയ്യുമായിരുന്നോ? അദ്ദേഹത്തോടു നേരിട്ട് ഇക്കാര്യത്തെക്കുറിച്ച് ഞാൻ അന്വേഷിച്ചു. ആരോഗ്യ വകുപ്പിന്റെ അഡീഷണൽ ഡയറക്ടർ(ഹെൽത്ത് സർവീസസ്) ശിവരാമൻ ഇതിനെക്കുറിച്ചു അന്വേഷണം നടത്തി അതു സംബന്ധിച്ചുള്ള വിവരം എനിക്കു കിട്ടുകയും ചെയ്തു. ആ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly